# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2357 — 08/7/2015 -ൽ മറുപടിക്ക്

## ശുദ്ധജല വിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ<br>ശ്രീ. സാജു പോൾ<br>ശ്രീ. ബി.ഡി.ദേവസ്സി<br>ശ്രീ. എ.എം.ആരിഫ് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) എറണാകുളത്ത് ജപ്പാൻ അന്താരാഷ്ട്ര സഹകരണ ഏജൻസിയുടെ സഹായത്തോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ആയിരം കോടി രൂപയുടെ ശുദ്ധജല വിതരണ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) 940.90 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ പ്രസക്തഭാഗം (സമ്മറി ഓഫ് പ്രപ്പോസൽ) സംസ്ഥാന പ്ലാനിംഗ് വകുപ്പ് മുഖേന കേന്ദ്രസർക്കാരിലേക്ക് അയച്ചു കൊടുക്കുകയും കേന്ദ്രസർക്കാർ നിർദ്ദേശിച്ച തനുസരിച്ച് പുതിയ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ 18/6/2015-ൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിച്ചിരുന്നത്; സർക്കാർ ഈ പദ്ധതിക്കായി എത്ര തുക ചെലവഴിച്ചെന്ന് അറിയിക്കാമോ; | (ബി) പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. |
| (സി) പ്രസ്തുത പദ്ധതിയുടെ വിശദമായ രൂപരേഖ അറിയിക്കാമോ; പ്രസ്തുത പദ്ധതിക്ക് പുറമെയാണോ ഈ വർഷത്തെ നയപ്രഖ്യാപനത്തിലൂടെ അറിയിച്ച പ്രതിദിനം 10 കോടി ലിറ്റർ ശേഷിയുള്ള കൊച്ചിയിലെ ജലവിതരണ പദ്ധതിയെന്ന് വ്യക്തമാക്കുമോ? | (സി) നിലവിൽ പൂർത്തീകരണഘട്ടത്തിലുള്ള പ്രതിദിനം 10 കോടി ലിറ്റർ ശേഷിയുള്ള കൊച്ചിയിലെ ജൻറം ജലവിതരണ പദ്ധതി ഈ വർഷം പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

JSK/